## ഭരണഭാഷ-മാതൃഭാഷ

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

**എഡി.ബി7/9304/എച്ച്.എസ്.ഇ/16** **തീയതി :05/08/2017**

### സർക്കുലർ

വിഷയം :- ഹയർ സെക്കന്ററി വിദ്യാഭ്യാസം - പ്രിൻസിപ്പൽ പ്രൊമോഷൻ 2017 - നിയമനം ലഭിച്ച സ്കൂളുകളിൽ ജോലിയിൽ പ്രവേശിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ജി.ഒ.(ആർ.റ്റി)നം.2499/2017/ജ.എഡ്യൂ.തീയതി 28/07/2017

സൂചന സർക്കാർ ഉത്തരവ് പ്രകാരം പ്രിൻസിപ്പൽമാരായി പ്രൊമോഷൻ ലഭിച്ച എല്ലാ എച്ച്.എസ്.എസ്.റ്റിമാരും, എച്ച്.എം-മാരും നിശ്ചിതസമയത്തിനുള്ളിൽ തന്നെ തങ്ങൾക്ക് നിയമനം ലഭിച്ച സ്കൂളുകളിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. പ്രിൻസിപ്പൽ പ്രൊമോഷൻ താല്ക്കാലികമായോ, സ്ഥിരമായോ റിലിംഗ്യഷ് ചെയ്യാൻ ആഗ്രഹിക്കുന്നവർ റിലിംഗ്യഷ്മെന്റ് അപേക്ഷയുടെ 3 സെറ്റ് ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ ഹാജരാക്കേണ്ടതാണ്. 28/07/2017 തീയതി മുതൽ 14 ദിവസത്തിനു-ള്ളിൽ ജോലിയിൽ പ്രവേശിക്കാതിരിക്കുകയോ, റിലിംഗ്യഷ്മെന്റ് അപേക്ഷ നൽകാതി-രിക്കുകയോ ചെയ്താൽ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

നിയമനം ലഭിച്ച ഹൈസ്കൂൾ എച്ച്എം-മാർ തങ്ങളുടെ വീട്ട് അഡ്രസ്സും, പിൻകോഡും, മൊബൈൽനമ്പരും adb7prpromotion@gmail.com എന്ന ഇ-മെയിൽ അഡ്രസ്സിലേയ്ക്ക് രണ്ടു ദിവസത്തിനുള്ളിൽ മെയിൽ അയച്ചു നൽകേണ്ടതാണ്. പ്രൊമോഷൻ ലഭിച്ച എച്ച്.എം-മാരുടെ വിശദാംശങ്ങൾ അടിയന്തിരമായി hscap-ൽ അപ്ലോഡ് ചെയ്യേണ്ടതിനാൽ സമയപരിധി കർശനമായും പാലിക്കേണ്ടതാണ്.

പ്രിൻസിപ്പൽമാർ ജോലിയിൽ പ്രവേശിക്കുവാൻ വൈകുന്നത് എച്ച്.എസ്.എസ്.റ്റി-മാർക്ക് ജനറൽ ട്രാൻസ്ഫറിന് അപേക്ഷിക്കുന്നതിന് കാലതാമസം ഉണ്ടാകുന്ന അവസ്ഥയുണ്ടാക്കും. ഈ സാഹചര്യത്തിൽ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പ്രിൻസിപ്പൽമാർ ജോലിയിൽ പ്രവേശിക്കാത്തപക്ഷം, പ്രവേശിക്കാത്തവർക്കെതിരെ കർശനമായ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതാണ്.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ഡയറക്ടർക്കു വേണ്ടി

5